**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1095** | | **12.07.2016-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **പൊതുശൗചിമുറികളുടെ അപര്യാപ്തത** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ പ്രമുഖ പട്ടണങ്ങളിൽ ആവശ്യത്തിന് പൊതുശൗചിമുറികൾ ഇല്ലെന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പൊതുശൗചിമുറികളുടെ അപര്യാപ്തത പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും നഗരം വൃത്തിയായി സൂക്ഷിക്കുന്നതിനെ ദോഷകരമായി ബാധിക്കുന്നതുമാണെന്നുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പട്ടണങ്ങളിലും ആവശ്യത്തിന് പൊതുശൗചിമുറികൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ബന്ധപ്പെട്ട നഗരസഭകൾ/ കോർപ്പറേഷനുകളാണ് പൊതു/സാമൂഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് നഗരസഭകൾ/ കോർപ്പറേഷനുകളെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. മുൻസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് പി.പി.പി. മോഡലിൽ പൊതു ശൗചാലയങ്ങൾ പണിയുന്നതിനും, പൊതു/സാമൂഹിക ശൗചാലയങ്ങളുടെ നിർമ്മിതിക്കുമായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് സ്വരൂപിച്ച് നിർമ്മാണം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ